## ശരീഅത്തിനെതിരേയുള്ള സി.പി.എം നിലപാട് സ്വീകാര്യമല്ല: ഹുസയ്ൻ രത്താണി

തിരൂർ: ഇസ്‌ലാമിക ശരീഅത്ത് നിയമങ്ങൾക്കെതിരേയുള്ള സി. പി.എം നിലപാടുകളെ താൻ അംഗീകരിക്കുന്നില്ലെന്ന് പൊന്നാനി ലോക്സഭാ മണ്ഡലം ഇടതുപക്ഷ സ്ഥാനാർഥി ഹുസൈ സൻ രണ്ടത്താണി പറഞ്ഞു. തിരൂർ സ്റ്റേഡിയം ഗ്രൗണ്ടിൽ ഒരു സ്വകാര്യ ചാനൽ ഒരുക്കിയ സ്ഥാനാർഥി സംഗമത്തിൽ വോട്ടർമാരുടെ ചോദ്യങ്ങൾക്കു മറുപടി പറയുകയായിരുന്നു അദ്ദേഹം. ഇടതുപക്ഷ കേന്ദ്ര പ്രകടന പത്രികയിൽ പറയുന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ അവസരം, വിവാഹ രജിസ്ട്രേഷൻ എന്നീ കാര്യങ്ങളെ എനിക്കു പിന്തുണയ്ക്കാനാവില്ല. ഞാൻ കമ്യൂണിസ്റ്റുകാരനോ പി. ഡി.പിക്കാരനോ അല്ല. ഒരു കാലത്തും കമ്യൂണിസ്റ്റ്കാരനാവുകയുമില്ല. എനിക്ക് എന്റേതായ ആശയങ്ങളും വിശ്വാസങ്ങളുമുണ്ട്. കമ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രവുമായി അതിനു യോജിപ്പുമില്ല–അദ്ദേഹം പറഞ്ഞു. സാമ്രാജ്യത്വത്തിനെതിരേ പൊതുശക്തി എന്ന ആശയത്തിനു വേണ്ടിയാണ് താൻ പൊന്നാനിയിൽ മൽസരിക്കുന്നത്. പൊതു സ്വതന്ത്രൻ എന്ന നിലയിലാണ് ഈ മൽസരം. പിന്താങ്ങുന്ന കക്ഷികളുടെ എല്ലാ നിലപാടുകളുമായി എനിക്ക് യോജിപ്പുണ്ടെ ന്ന് ഈ മൽസരത്തിന് അർഥമില്ല. മുസ്‌ലിംലീഗോ പി. ഡി. പിയോ വർഗ്ഗീയ കക്ഷിയാണെന്ന് ഞാൻ കരുതുന്നില്ല. സി. പി. എം ഏക സിവിൽകോഡിനെ അനുകൂലിക്കുമ്പോൾ എനിക്കതിനെ അനുകൂലിക്കാനാവില്ല. സ്ത്രീ പുരുഷ സമത്വമെന്നതിലും ഇസ്‌ലാമിന്റെയും കമ്യൂണിസത്തിന്റെയും കാഴ്ചപ്പാടുകൾ വിഭിന്നമാണ് അദ്ദേഹം പറഞ്ഞു. **ജമാഅത്തെ ഇസ്‌ലാമിക്കാരോടും മുജാഹിദുകളോടും താങ്കൾ സലാം പറയുമോ എന്ന ചോദ്യത്തിന് വ്യക്തിപരമായ കാര്യങ്ങൾ മതകാര്യങ്ങളുമായി കൂട്ടിക്കുഴക്കരുതെന്നായിരുന്നു രണ്ടത്താണിയുടെ മറുപടി..**

**തേജസ് - 22 – 03 – 09**